**സബ്മിഷൻ**

**അഴിക്കോട് വൃദ്ധമന്ദിരം**

ശ്രീ. കെ. വി. സുമേഷ്: സർ, അഴിക്കോട് നിയോജകമണ്ഡലത്തിലെ സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വൃദ്ധമന്ദിരത്തിൽ ആവശ്യക്കാരായ ജീവനക്കാരില്ലാത്തതുകൊണ്ട്, നേരത്തെ ഹിന്ദുസ്ഥാൻ ലാറ്റക്സ് മുഖേന സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയിട്ടുള്ള Second Innings Home പദ്ധതി നടപ്പിലാകാത്ത സ്ഥിതിവിശേഷമാണുള്ളത്. .... (ബഹളം)...

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്..... ബാനർ താഴ്ത്തി പിടിക്കണം.

ശ്രീ. കെ. വി. സുമേഷ്: അവിടെ 61-ഓളം അന്തേവാസികളുണ്ട്. അതിൽ പത്ത് പേർ കിടപ്പിലാണ്. വൃദ്ധമന്ദിരത്തിലെ ജീവനക്കാർക്ക് ശമ്പളം ലഭ്യമാക്കുന്നതിനും ടി സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സാഹചര്യമുണ്ടാക്കാനും ബഹുമാനപ്പെട്ട സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ അടിയന്തര ഇടപെടലുണ്ടാകണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

മി. സ്പീക്കർ: ശ്രീമതി ശാന്തകുമാരി കെ., സർവ്വശ്രീ ജോബ് മൈക്കിൾ, പി. മമ്മിക്കുട്ടി, സേവ്യർ ചിറ്റിലപ്പിള്ളി, ശ്രീമതി സി. കെ. ആശ എന്നീ അംഗങ്ങളുടെ സബ്മിഷനുകൾക്കുള്ള മറുപടികൾ ബഹുമാനപ്പെട്ട മന്ത്രിമാർക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്+. .... (ബഹളം)...

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.